# KCBC COMMISSION FOR FAMILY

Pastoral Orientation Centre(P.O.C.), Palarivattom, Kochi - 682025, Ph:9495812190
Email:kcbcfamilycommission@gmail.com, Website:www.kcbcfamilycommission.org



**All Kerala Press Release** **25/02/2023**
***Ref: 361/KCBC/FLY/ 07***


## സഭ വൈധവ്യം പേറുന്ന സഹോദരിമാർക്കൊപ്പം:
## റവ. ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി

**കൊച്ചി:** വിധവകൾക്കുവേണ്ടി സംഘടിപ്പിക്കപ്പെട്ട കെസിബിസി യൂദിത്ത്-നവോമി സംസ്ഥാന തല സെമിനാർ പാലാരിവട്ടം പിഒസിയിൽ വച്ച് നടന്നു. തുണ പിരിഞ്ഞുപോകുന്ന നൊമ്പരം ആർക്കും സഹിക്കാൻ പറ്റാത്തതാണെന്നും, എന്നാൽ മറ്റാർക്കും മനസിലാക്കാൻ കഴിയാത്ത ആ വേദനയ്ക്ക് നടുവിലും വിധവകളാകുന്ന സഹോദരിമാർക്കൊപ്പം സഭയുണ്ടെന്നും സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ച കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി പറഞ്ഞു. വിധവകൾക്ക് സഭയിൽ പ്രത്യേകമായൊരു സ്ഥാനമുണ്ടെന്നും ധീരമായി മുന്നോട്ടുവരണമെന്നും വൈധവ്യത്തിലും ഭർത്താവിന്റെ സാന്നിധ്യം കൂടെയുണ്ട് എന്ന വസ്തുത മനസിലാക്കി സന്തോഷവതികളായിരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

'വൈധവ്യം സാക്ഷാൽ ധീരതയോടെ' എന്നവിഷയത്തെ ആസ്പദമാക്കി റവ. സി. അനീഷ എസ് ഡി ക്ലാസ്സ് നയിച്ചു. കെസിബിസി യൂദിത്ത് നവോമി ഫോറം വൈസ് പ്രസിഡന്റ് ശ്രീമതി മരിയ എബ്രാഹം അദ്ധ്യ ക്ഷത വഹിച്ചു. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ സ്വാഗതം ആശംസിച്ചു. പിടിഐ ഡീൻ ഓഫ് സ്റ്റഡീസ് റവ. ഫാ. ടോണി കോഴിമണ്ണിൽ, കെസിബിസി യൂദിത്ത് നവോമി ഫോറം ജനറൽ സെക്രട്ടറി ശ്രീമതി ഫിലോമിന തോമസ്, ജോയിന്റ് സെക്രട്ടറി ശ്രീമതി മേരി ജോൺ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ മാറ്റർ:** കെസിബിസി യൂദിത്ത് നവോമി ഫോറത്തിന്റെ സംസ്ഥാനതല സെമിനാർ റവ. ഫാ. ജേക്കബ് ജി. പാല്ക്കാപ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു. റവ. ഫാ. ടോണി കോഴിമണ്ണിൽ, ഫിലോമിന തോമസ്, റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, ഷൈനി തോമസ്, മേരി ജോൺ, മരിയ എബ്രാഹം തുടങ്ങി യവർ സമീപം.

**ഫാ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ**
**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ**